പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1163 — 06.06.2018 ന് മറുപടിയ്ക്ക്.

# ഐ.ടി.ഐ.കളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര പുതിയ ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന 09 പുതിയ ഐ.ടി.ഐകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>1. പേരാമ്പ്ര (കോഴിക്കോട്)<br>2. പെരുമാട്ടി (പാലക്കാട്)<br>3. വാമനപുരം (തിരുവനന്തപുരം)<br>4. ചടയമംഗലം (കൊല്ലം)<br>5. കൊട്ടാരക്കര (കൊല്ലം)<br>6. പിണറായി (കണ്ണൂർ)<br>7. ചാത്തമംഗലം (കോഴിക്കോട്)<br>8. പടിയൂർ (കണ്ണൂർ)<br>9. കോടോം-ബേളൂർ (കാസർഗോഡ്) |
| (ബി) ഏതെല്ലാം ഐ.ടി.ഐ. കളാണ് കിഫ്ബി മുഖേന നവീകരിക്കുന്നതിന് തീരുമാനി ച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെ ടുത്തുമോ; | (ബി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നില വാരത്തിലുള്ള ഐ.ടി.ഐ.കളാക്കി ഉയർത്തുന്ന തിലേയ്ക്കായി ആകെ 228,92,31,600/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര |

| | | |
|---|---|---|
| | | എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ M/s. KASE നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. |
| (സി) ഈ സർക്കാർ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.യുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | (സി) അരീക്കോട് ഐ.ടി.ഐയിൽ ഓഫീസ് റൂം, കമ്പ്യൂട്ടർ റൂം, ക്ലാസ്സ് റൂം എന്നിവയുടെ ഫ്ലോറിംഗ് വർക്കുകൾക്ക് ആകെ 7,10,000/- രൂപയും ഓഫീസ് പാർട്ടീഷൻ വർക്കുകൾക്ക് 3,97,315/-രൂപയും ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണത്തിന് 6,30,000/- രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ